73

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 DECEMBER 2024

# ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വെബ്സൈറ്റ്

## ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രകാശനം ചെയ്തു

അടുത്ത വർഷം (2025) ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന 'ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടി'യുടെ വെബ്സൈറ്റ് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പ്രകാശനം ചെയ്തു. പുതിയ വ്യവസായനയത്തിൽ പ്രഖ്യാപിച്ച 22 മുൻഗണനാ മേഖലകളായിരിക്കും നിക്ഷേപ ഉച്ചകോടിയിലെ പ്രധാന ആകർഷണം. 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചി ഗ്രാൻഡ് ഹയാത്ത് ലുലു കൺവെൻഷൻ സെന്ററിലാണ് നിക്ഷേപ ഉച്ചകോടി സംഘടിപ്പിക്കുക.






സംസ്ഥാനത്തേക്ക് വരുന്ന നിക്ഷേപങ്ങൾ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഏകീകരിക്കാനാണ് ഉച്ചകോടിയിലൂടെ ഉദ്ദേശിക്കുന്നതെന്നും രണ്ടായിരത്തിലധികം പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു. ഉച്ച കോടിയിൽ വരുന്ന വാഗ്ദാനങ്ങൾ യാഥാർഥ്യബോധത്തോടെയുള്ളതാകണം. അതിനായി മുൻഗണനാ മേഖലകളുമായി പ്രത്യേകം നടത്തുന്ന ചർച്ചകൾ അന്തിമഘട്ടത്തിൽ എത്തി നിൽക്കുകയാണ്. വ്യവസായ വളർച്ചയ്ക്കാവശ്യമായ നിയമഭേദഗതികൾ സർക്കാർ സാധ്യമാക്കുന്നുണ്ട്. ഗൾഫിലെ നിക്ഷേപകർക്കായി പ്രത്യേക കോൺക്ലേവും സംഘടിപ്പിക്കുമെന്നും ബഹു. മന്ത്രി വ്യക്തമാക്കി.

ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപ ഉച്ചകോടിയോടനുബന്ധമായി ബംഗളൂരു, ചെന്നൈ എന്നിവിടങ്ങളിലെ റോഡ് ഷോകൾ സംഘടിപ്പിച്ചു കഴിഞ്ഞു. ഉടൻ തന്നെ ന്യൂഡൽഹിയിലും മുംബൈയിലും റോഡ് ഷോ ഡിസംബർ മാസത്തോടെ പൂർത്തിയാകും. കേരളത്തിൽ നിന്ന് വിജയകരമായി പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെയും സംരംഭങ്ങളുടെയും പ്രദർശനം ഉച്ചകോടിയിലുണ്ടാകും. ബിടുബി, ബിടുജി ചർച്ചകൾ, സ്റ്റാർട്ടപ്പ് പിച്ചിംഗ് തുടങ്ങിയവയുമുണ്ടാകും. ഫിക്കി, സിഐഐ തുടങ്ങിയ വിവിധ സംഘടനകളുടെ സഹകരണവും ഉച്ചകോടിക്ക് ഉറപ്പ് വരുത്തിയിട്ടുണ്ട്.

# സംസ്ഥാന വ്യവസായ വാണിജ്യ  വകുപ്പ് ഡബിൾ ഹാപ്പി

## 'ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയർ' 2024 (ഐഐടിഎഫ്) ൽ കേരള പവലിയനിലെ മികച്ച എക്സിബിറ്റർ പുരസ്കാരം പങ്കിട്ട് കയർ വികസന ഡയറക്ടറേറ്റും കേരള സ്റ്റേറ്റ് ബാംബൂ മിഷനും

'ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയർ' 2024 (ഐഐടിഎഫ്) - ൽ കേരള പവലിയനിലെ മികച്ച എക്സിബിറ്റർ പുരസ്കാരം പങ്കിട്ട് കയർ വികസന ഡയറക്ടറേറ്റും കേരള സ്റ്റേറ്റ് ബാംബൂ മിഷനും.

2024 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ സംഘടിപ്പിച്ച 'ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2024' (ഐഐടിഎഫ്) - ൽ കേരള പവലിയനിലെ മികച്ച എക്സിബിറ്റർ പുരസ്കാരത്തിന് കയർ വികസന ഡയറക്ടറേറ്റും കേരള സ്റ്റേറ്റ് ബാംബൂ മിഷനും അർഹമായി. രാജ്യാന്തര വ്യാപാര മേളയിൽ കരകൗശലത്തിന്റെ വൈവിധ്യവുമായി സന്ദർശകരുടെ മനംകവർന്ന കേരള പവിലിയനിലെ മികച്ച പങ്കാളിത്തത്തിനും പ്രകടനത്തിനുമുള്ള അംഗീകാരമായാണ് 'കയർ വികസന ഡയറക്ടറേറ്റും' 'കേരള സ്റ്റേറ്റ് ബാംബൂ മിഷനും' മികച്ച എക്സിബിറ്റർ പുരസ്കാരം പങ്കിട്ടെടുത്തത്. സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളാണ് രണ്ടുമെന്നത് പുരസ്കാരത്തിന്റെ മാറ്റ് കൂട്ടുന്നതാണ്.








ഇന്ത്യൻ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ കേരള പവലിയനിലെ മികച്ച എക്സിബിറ്റർ പുരസ്കാരം കയർ വികസന ഡയറക്ടറേറ്റ് ആദ്യമായാണ് നേടുന്നത്.  തുടർച്ചയായി രണ്ടാം തവണയാണ് കേരള സ്റ്റേറ്റ് ബാംബൂ മിഷൻ ഈ നേട്ടം കൈവരിക്കുന്നത്. സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷന്റെ നേതൃത്വത്തിലാണ് 'കേരള സ്റ്റേറ്റ് ബാംബൂ മിഷൻ' സ്റ്റാൾ തയ്യാറാക്കിയിരുന്നത്. രാജ്യാന്തര വ്യാപാര മേളയുടെ കേരള പവിലിയനിലെ കയർ വികസന ഡയറക്ടറേറ്റ് സ്റ്റാളിലും ബാംബൂ മിഷൻ സ്റ്റാളിലും വൈവിധ്യതയും കൗതുകവും നിറച്ച ഒട്ടനവധി കരകൗശല/കയർ ഉത്പന്ന വസ്തുക്കളായിരുന്നു വിൽപനക്കും പ്രദർശനത്തിനുമായി കരുതിയിരുന്നത്.

# കിൻഫ്ര പാർക്കുകൾക്ക് ദേശീയതലത്തിൽ അംഗീകാരം




കിൻഫ്ര പാർക്കുകൾക്ക് വീണ്ടും ദേശീയതലത്തിൽ അംഗീകാരം. ഇന്ത്യയിലെ വ്യവസായ പാർക്കുകളിലെ ശുചിത്വവും മാലിന്യപരിപാലനവും പ്രോത്സാഹിപ്പിക്കുന്നതിനായി ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രി (FICCI) ഏർപ്പെടുത്തിയ സ്വച്ഛ് ഇൻഡസ്ട്രി പാർക്ക് പുരസ്കാരങ്ങളിൽ എൻവയോൺമെന്റ് സസ്റ്റെയിനബിലിറ്റി ചാംപ്യൻസ് ആയി കിൻഫ്രയുടെ പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റയിൽ പാർക്കും ഇൻഫ്രാസ്ട്രക്ചർ ചാംപ്യൻസ് വിഭാഗത്തിൽ വിജയികളായി കളമശ്ശേരി ഹൈടെക് പാർക്കും തെരഞ്ഞെടുക്കപ്പെട്ടു. 2024 നവംബർ 21 ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിച്ച FICCI യുടെ 97 -ാമത് വാർഷിക പൊതുയോഗത്തിൽ കേന്ദ്ര വാണിജ്യ & വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പിയൂഷ് ഗോയൽ കിൻഫ്ര മാനേജിംഗ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസിന് പുരസ്കാരം കൈമാറി.

സംസ്ഥാന സർക്കാരുകളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഉടമസ്ഥതയിലുള്ള, കുറഞ്ഞത് 100 ഏക്കർ ഭൂവിസ്തൃതിയും 50% ഒക്യുപെൻസിയുമുള്ള പാർക്കുകളെയാണ് അവാർഡിനായി പരിഗണിച്ചത്. കിൻഫ്ര പുരസ്കാരത്തിന് പരിഗണിക്കാൻ നാമനിർദേശം ചെയ്ത രണ്ടു പാർക്കുകളും നേട്ടം കൈവരിച്ചുവെന്നത് അഭിമാനകരമാണ്. ദക്ഷിണേന്ത്യയിലെ മികച്ച പാർക്കുകളിലൊന്നായി കഴിഞ്ഞ തവണ തെരഞ്ഞെടുക്കപ്പെട്ട പാർക്ക് കൂടിയാണ് കളമശ്ശേരി ഹൈടെക് പാർക്ക്. കൂടുതൽ നിക്ഷേപങ്ങൾ കിൻഫ്ര പാർക്കുകളിലേക്ക് എത്തുന്നതിന് പുരസ്കാരനേട്ടം സഹായകമാകും.

# ഓയിൽ ആന്റ് ഗ്യാസ് മേഖലയിലെ ഏറ്റവും വലിയ ടെക്നോളജി ദാതാക്കൾ കേരളത്തിൽ പ്രവർത്തനമാരംഭിച്ചു


അമേരിക്ക ആസ്ഥാനമായി ഓയിൽ ആന്റ് ഗ്യാസ് മേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ടെക്നോളജി ദാതാക്കളായ NOV Inc കമ്പനി ഇന്ത്യയിലെ ആദ്യത്തെ ഗ്ലോബൽ ക്യാപബിലിറ്റി സെന്റർ (ജിസിസി) കേരളത്തിൽ ആരംഭിച്ചു. കൊച്ചി ഇൻഫോപാർക്കിലെ ലുലു സൈബർ ടവറിൽ ആരംഭിച്ചിട്ടുള്ള കേന്ദ്രത്തിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറിങ്ങ് സെന്റർ, കോർപ്പറേറ്റ് ഡിജിറ്റൽ സർവീസ്, കസ്റ്റമർ സപ്പോർട്ട് സെന്റർ എന്നീ സൗകര്യങ്ങൾ ലഭ്യമാകും. 52 രാജ്യങ്ങളിലായി 32000ത്തിലധികം പേർക്ക് തൊഴിൽ നൽകുന്ന സ്ഥാപനം ഇന്ത്യയിലും നിരവധി സ്ഥലങ്ങൾ പ്രഥമഘട്ടത്തിൽ പരിശോധിച്ചതിന് ശേഷമാണ് കേരളം തെരഞ്ഞെടുത്തത്.







# സുതാര്യം; ജനകീയം: 23,000 പരിശോധനകൾ കടന്ന് കെസിസ്




23,000 പരിശോധനകൾ കടന്ന് മുന്നേറുമ്പോൾ കെ-സിസ് അഥവാ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിന് സംരംഭകരുടെ വക നൂറിൽ നൂറു മാർക്കാണ്. അനാവശ്യ പരിശോധനകളൊഴിവാക്കുന്നു എന്നത് മാത്രമല്ല സംരംഭകർക്ക് അവരുടെ വിലപ്പെട്ട സമയവും കെ-സിസ് സംവിധാനത്തിലൂടെ ലാഭിക്കാൻ കഴിയുന്നത് വ്യവസായ രംഗത്തെ കേരളത്തിന്റെ കരുതലിന്റെ നേർസാക്ഷ്യം കൂടിയാണ്.

വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് കെ-സിസ് പ്രവർത്തിക്കുന്നത്. സംരംഭം പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപുള്ള പരിശോധന, പതിവ് പരിശോധന, പരാതിയുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധന എന്നിവയെല്ലാം ഇപ്പോൾ ഈ സംവിധാനത്തിന് കീഴിലാണ്. പരിശോധനയുടെ ഷെഡ്യൂളും വെബ് പോർട്ടൽ സ്വയം തയ്യാറാക്കും. ഇതിന് പുറമെ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥരെയും പോർട്ടൽ തന്നെ തിരഞ്ഞെടുക്കും. ഒരു സ്ഥാപനത്തിൽ ഒരേ ഇൻസ്പെക്ടർ തുടർച്ചയായി രണ്ട് പരിശോധനകൾ നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തുകയും ചെയ്യും. സ്ഥാപനത്തിന് മുൻകൂട്ടി എസ്.എം.എസ് അല്ലെങ്കിൽ ഇമെയിൽ മുഖേന അറിയിപ്പ് നൽകിയായിരിക്കും കെ-സിസ് വഴിയുള്ള പരിശോധന. പരിശോധനക്ക് ശേഷം റിപ്പോർട്ട് 48 മണിക്കൂറിനുള്ളിൽ കെ-സിസ് പോർട്ടലിൽ പ്രസിദ്ധീകരിക്കും. തീർത്തും ഓൺലൈനായിട്ടാണ് നടപടിക്രമങ്ങൾ എന്നതിനാൽ ഏതെങ്കിലും രീതിയിൽ പക്ഷപാതപരമായിട്ടുള്ള പരിശോധനകളോ നടപടികളോ ഉണ്ടാകുന്നുമില്ല. കെ-സിസ് സംവിധാനത്തിന്റെ വരവോടെ കാലങ്ങളായി കേട്ടുകൊണ്ടിരുന്ന അനാവശ്യ പരിശോധനകളെന്ന പരാതിക്കും ഇപ്പോൾ സാധ്യതയില്ലാതായിട്ടുണ്ട്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.